ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:19.12.2024

## പ്രധാനവാർത്തകൾ

1. **കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ബി ആർ അംബേദ്കറെ കുറിച്ചുള്ള പരാമർശത്തിൽ പാർലമെൻറ് ഇന്നും പ്രക്ഷുബ്ധം, ഇരുസഭകളിലും നടപടികൾ ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു.**

2. **കണ്ണൂരിൽ എം.പോക്സ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ് ; രോഗം സ്ഥിരീകരിച്ചവരുടെ റൂട്ട് മാപ്പ് തയ്യാറാക്കി.**

3. **കേരള നിയമസഭയുടെ മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവം അടുത്തമാസം ഏഴിന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമെന്ന് സ്പീക്കർ എ എൻ ഷംസീർ.**

4. **ചലച്ചിത്ര പ്രേമികൾക്ക് വർണവിസ്മയങ്ങൾ സമ്മാനിച്ച 29 -ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരശ്ശീല വീഴും.**

5. **സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡീഷയ്ക്കെതിരെ കേരളത്തിന് ജയം.**

==========================================

RJU TVPM

## പാർലമെൻറ്

കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ബി ആർ അംബേദ്കറെ കുറിച്ചുള്ള പരാമർശത്തിൽ പാർലമെന്റിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. രാവിലെ ഇരുസഭകളും സമ്മേളിച്ചപ്പോൾ തന്നെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ തടസ്സപ്പെട്ടു. തുടർന്ന് ഇരുസഭകളും ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവച്ചു. ബി ആർ അംബേദ്കറെ കുറിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി നടത്തിയ പരാമർശത്തിൽ പ്രതിഷേധിച്ച് ഐ എൻ ഡി ഐ സഖ്യം പാർലമെൻറ് വളപ്പിൽ മാർച്ച് നടത്തി.

==========================================

## ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ കേന്ദ്ര സർക്കാർ ഇന്ന് സംയുക്ത പാർലമെൻ്ററി സമിതിക്ക് കൈമാറും. 21 ലോക്സഭാംഗങ്ങളും 10 രാജ്യസഭാംഗങ്ങളും ഉൾപ്പെടെ 31 പാർലമെന്റംഗങ്ങൾ അടങ്ങുന്നതാണ് സമിതി.

==========================================

## എംപോക്സ് - റൂട്ട് മാപ്പ്

കണ്ണൂരിൽ എം പോക്സ് സ്ഥിരീകരിച്ചവരുടെ റൂട്ട് മാപ്പ് തയ്യാറാക്കി വരുന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. പരിയാരം ഗവ.മെഡിക്കൽ കോളേജിൽ രണ്ട് പേരാണ് ഐസൊലേഷനിൽ കഴിയുന്നത്. വിദേശത്ത് നിന്നെത്തിയ വയനാട് സ്വദേശിക്കും കണ്ണൂർ പാനൂർ സ്വദേശിക്കുമാണ് രോഗം സ്ഥിരീകരിച്ചത്. എംപോക്സ് വളരെ ശ്രദ്ധിക്കേണ്ട രോഗമാണെന്നും രോഗലക്ഷണങ്ങൾ പ്രകടമായതിന് ശേഷമാണ് രോഗം പകരുന്നതെന്നും ആരോഗ്യ വകുപ്പ് അറിയിച്ചു. സമ്പർക്കമുണ്ടായാൽ 21 ദിവസം ശ്രദ്ധിക്കേണ്ടതാണ്. വിദേശ രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് എംപോക്സ് രോഗലക്ഷണങ്ങൾ ഉണ്ടായാൽ ഐസൊലേഷനിൽ തുടരേണ്ടതും ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കേണ്ടതുമാണ്.

==========================================

## പുസ്തകോത്സവം - (ഇൻട്രോ)

RNU TVPM

കേരള നിയമസഭയുടെ മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവം അടുത്തമാസം ഏഴിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് സ്പീക്കർ എ എൻ ഷംസീർ. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വോയിസ്...............................

========================================

## സാമൂഹ്യ ക്ഷേമപെൻഷൻ-നടപടി

അനധികൃതമായി സാമൂഹിക ക്ഷേമ പെൻഷൻ കൈപ്പറ്റിയ സർക്കാർ ജീവനക്കാർക്കെതിരേ നടപടി. കൃഷി വകുപ്പിലെ ജീവനക്കാർക്കെതിരേയാണ് ആദ്യഘട്ടത്തിൽ നടപടി. ഇതിൻറെ ഭാഗമായി മണ്ണ് സംരക്ഷണ വിഭാഗത്തിലെ ആറ് പാര്ട്ട് ടൈം ജീവനക്കാരെയാണ് സസ്പെൻഡ് ചെയ്തത്.

========================================

## നടി-മരണം

പ്രശസ്ത സിനിമ സീരിയൽ നടി മീന ഗണേഷ് അന്തരിച്ചു. 81 വയസ്സായിരുന്നു. ഇന്ന് പുലർച്ചെ ഷൊർണൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. കഴിഞ്ഞ അഞ്ച് ദിവസമായി ഇവിടെ ചികിത്സയിലായിരുന്നു. 200-ഓളം സിനിമകളിലും, 25-ൽ പരം സീരിയലുകളിലും നിരവധി നാടകങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

RNU TVPM

========================================

## പത്തനംതിട്ട - സംസ്കാരം

പത്തനംതിട്ട കോന്നിയിൽ അപകടത്തിൽ മരിച്ചവർക്ക് വിട നൽകാനൊരുങ്ങി ജന്മനാട്. നാല് പേരുടേയും സംസ്കാരം ഇന്ന് കോന്നി മല്ലശേരി പൂങ്കാവ് സെൻറ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ നടക്കും. പള്ളിയിൽ പൊതുദർശനത്തിനു വെച്ച മൃതദേഹങ്ങളിൽ നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു.

========================================

## ഐ.എഫ്.എഫ്.കെ

ചലച്ചിത്ര പ്രേമികൾക്ക് വർണവിസ്മയങ്ങൾ സമ്മാനിച്ച

29 -ാത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരശ്ശീല വീഴും. ഏഴാം ദിവസമായ ഇന്ന് ഭ്രമയുഗം, ഫയർ, അവെർനോ എന്നിവയുൾപ്പെടെ 68 ചിത്രങ്ങളുടെ പ്രദർശനം നടക്കും. മേളയിൽ ഒട്ടുമിക്ക ചിത്രങ്ങളുടേയും ആദ്യ പ്രദർശനം പൂർത്തിയായി. ഈ മാസം 13 ന് ആരംഭിച്ച മേളയിൽ 68 രാജ്യങ്ങളിൽ നിന്നായി 177 ചലച്ചിത്രങ്ങളാണ് പ്രേക്ഷകർക്ക് മുന്നിൽ എത്തിയത്. 15 തീയറ്ററുകളിൽ നിറഞ്ഞ സദസ്സിലാണ് പ്രദർശനം നടക്കുന്നത്.

==========================================

## ഐ.എഫ്.എഫ്.കെ - ഗാനാഞ്ജലി

രാജ്യാന്തര ചലച്ചിത്രമേളയോടനുബന്ധിച്ച് ചലച്ചിത്ര ഗാനയാത്ര ഇന്ന് നടക്കും. മാനവീയം വീഥിയിൽ രാത്രി എട്ടിനാണ് പരിപാടി. മലയാള സിനിമയുടെ ആദ്യ 50 വർഷത്തെ തിരഞ്ഞെടുത്ത ചലച്ചിത്ര ഗാനങ്ങളാണ് ഗാനയാത്രയിൽ അവതരിപ്പിക്കുന്നത്.

==========================================

## ശക്തൻ തമ്പുരാൻ കൊട്ടാരം

തൃശ്ശൂർ ജില്ലയിലെ പുനസ്സജ്ജീകരിച്ച ശക്തൻ തമ്പുരാൻ കൊട്ടാരം പുരാവസ്തു മ്യൂസിയം നാളെ നാടിന് സമർപ്പിക്കും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം നിർവ്വഹിക്കും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, മേയർ എം. കെ. വർഗീസ്, തുടങ്ങിയവർ പങ്കെടുക്കും. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആധുനിക രീതിയിലാണ് മ്യൂസിയം പുനസ്സജ്ജീകരിച്ചത്.

==========================================

## ബ്രേക്ക്......

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

==========================================

## ജമ്മു കശ്മീർ

ജമ്മു കശ്മീരിലെ കുൽഗാമിൽ ഉണ്ടായ ഏറ്റുമുട്ടലിൽ സുരക്ഷ സേന അഞ്ച് ഭീകരരെ വധിച്ചു. രണ്ട് സൈനികർക്ക് പരിക്കേറ്റു. ഒളിച്ചിരിക്കുകയായിരുന്ന ഭീകരരെ വളഞ്ഞപ്പോൾ, സൈനികർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. പ്രദേശത്ത് തിരച്ചിൽ ഇപ്പോഴും തുടരുകയാണ്.

RNU TVPM

=========================================

## അർദ്ധവാർഷിക പരീക്ഷ

സംസ്ഥാനത്തെ സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ അർധവാർഷിക പരീക്ഷ ഇന്ന് അവസാനിക്കും. നാളെ ക്രിസ്തുമസ് ആഘോഷങ്ങൾക്ക് ശേഷം സ്കൂളുകൾ അടയ്ക്കും. ഈ മാസം 11-നാണ് പരീക്ഷകൾ ആരംഭിച്ചത്. ക്രിസ്തുമസ് അവധിക്ക് ശേഷം ഈ മാസം 30-ന് സ്കൂളുകൾ തുറക്കും.

=========================================

## കൺസ്യൂമർ ഫെഡ്

കൺസ്യൂമർ ഫെഡിൻറെ ക്രിസ്മസ്-പുതുവത്സര വിപണി ഈ മാസം 23 മുതൽ 25 വരെ നടക്കും. വിപണിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം ഏറ്റുമാനൂരിൽ മന്ത്രി വി.എൻ വാസവൻ ഇന്ന് നിർവ്വഹിക്കും.

=========================================

## കണ്ണൂർ - (ഇൻട്രോ)

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻറെ താലോലം ബഡ്-സ് ജില്ലാതല കലോത്സവം തലശ്ശേരിയിൽ ഇന്ന് സമാപിക്കും. കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ ഏറെ ശ്രദ്ധേയമായി.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**
**(വോയിസ്........)**

RNU TVPM

=========================================

## എം.ബി രാജേഷ്

സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് തത്സമയം പരാതി കൊടുക്കാനുള്ള ഒരു ഓൺലൈൻ സംവിധാനം നഗരസഭാ ഏർപ്പെടുത്തണമെന്ന് മന്ത്രി എം ബി രാജേഷ്. തിരുവനന്തപുരം തമ്പാനൂരിൽ സജ്ജമാക്കിയിട്ടുള്ള ഷീ സ്പെയ്സും ഷീ ഹബ്ബും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം നഗരത്തിലെത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസൗകര്യമൊരുക്കുന്ന സംവിധാനമാണ് ഷീ സ്പെയ്സ്.

=========================================

## ഇടുക്കി, മൂന്നാർ - (ഇൻട്രോ)

മൂന്നാറിലേക്ക് വിനോദസഞ്ചാരികളുടെ വരവ് വർധിച്ചതോടെ പ്രതീക്ഷയിലാണ് അടിമാലി മച്ചിപ്ലാവ് മേഖലയിലെ ഈറ്റ നെയ്ത്ത് തൊഴിലാളികൾ.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയിസ്........)**

===========================================

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഒഡീഷയ്ക്കെതിരെ കേരളത്തിന് ജയം. ഏകപക്ഷീയമായ രണ്ടു ഗോളുകൾക്കാണ് കേരളം വിജയിച്ചത്. രാവിലെ 9 മണിക്ക് ഹൈദരാബാദിലായി രുന്നു മത്സരം. ഗ്രൂപ്പ്-ബി യിലെ നാലാം മത്സരമാണിത്.

===========================================

## തൃശൂർ - മരണം

ആകാശവാണി തൃശൂർ പ്രോഗ്രാം മേധാവി എം. ബാലകൃഷ്ണൻ, അന്തരിച്ചു. 58 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് പുലർച്ചെ രണ്ടിനായിരുന്നു അന്ത്യം. സംസ്കാരം തിരുവല്ലാമല ഐവർമഠത്തിൽ നടക്കും.

===========================================

## കൊച്ചി - സ്കൂൾ കെട്ടിടം

കൊച്ചിയിൽ ഉദയം പേരൂരിന് സമീപം കണ്ടനാട്,അംഗൻവാടി പ്രവർത്തിച്ചിരുന്ന സ്കൂൾ കെട്ടിടം തകർന്നു വീണു. ആളപായമില്ല. അപകട സമയത്ത് കുട്ടികൾ ഉണ്ടായിരുന്നില്ല. 100 വർഷത്തോളം പഴക്കമുള്ള കെട്ടിടമാണ് തകർന്നത്. ഇവിടെ പ്രവർത്തിച്ചിരുന്ന സ്കൂൾ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റിയിരുന്നു.

===========================================

## ശബരിമല - തങ്ക അങ്കി

ശബരിമല സന്നിധാനത്ത് തുടച്ചയായ മൂന്നാം ദിവസവും തിരക്ക് തുടരുന്നു. ഒരു മണിക്കൂറിൽ 4,500ഓളം തീർത്ഥാടകരാണ് ദർശനം നടത്തുന്നത്. മണ്ഡലപൂജയ്ക്ക് അയ്യപ്പ വിഗ്ര ഹത്തിൽ ചാർത്താനുള്ള തങ്ക

RNU TVPM

അങ്കി വഹിച്ചുള്ള രഥഘോഷ യാത്ര ഞായറാഴ്ച രാവിലെ 7-ന് പുറപ്പെടും.

==========================================

## **വർക്കല -ശിവഗിരി**

92-ാമത് ശിവഗിരി തീർത്ഥാടനത്തിൻറെ ഭാഗമായി പീതാംബരദീക്ഷ നാളെ രാവിലെ ശിവഗിരി മഹാസമാധി സന്നിധാനത്തിൽ നടക്കും. ഗുരുപൂജ, പുഷ്പാഞ്ജലി, സമൂഹപ്രാർത്ഥന, എന്നിവയ്ക്ക് ശേഷമാണ് പീതാംബരദീക്ഷാസമർപ്പണ ചടങ്ങ്.

==========================================

## **ഓഹരി+ സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 827 പോയിൻറ് താഴ്ന്ന് 79,350 ലും,
ദേശീയ ഓഹരി സൂചിക നിഫ്റ്റി 239 പോയിൻറ് നഷ്ടത്തിൽ 23,958-ലും വ്യാപാരം തുടരുന്നു.
സ്വർണവില കുറഞ്ഞു. സ്വർണം ഗ്രാമിന് 65 രൂപ കുറഞ്ഞ് 7,070 രൂപയും, പവന് 520 രൂപ താഴ്ന്ന് 56,560 രൂപയുമാണ് ഇന്നത്തെ വില.

==========================================

RNU TVPM

## **ഇരട്ടകൊലപാതക കേസ്**

കോട്ടയം- കാഞ്ഞിരപ്പള്ളിയിൽ സ്വത്ത് തർക്കത്തെ തുടർന്ന് സഹോദരനെയും മാതൃസഹോദരനെയും വെടിവെച്ച് കൊന്ന കേസിൽ പ്രതി കുറ്റക്കാരനെന്ന് കോടതി വിധിച്ചു.
കോട്ടയം അഡീഷണൽ സെഷൻസ് കോടതി നാളെ ശിക്ഷ വിധിക്കും.

====================

============================

==========================================